## പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: * 228 — 09/03/2017-ൽ മറുപടിക്ക്

## കർഷകത്തൊഴിലാളി ക്ഷേമനിധി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.എൽദോസ് കുന്നപ്പിള്ളി | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും<br>വകുപ്പ് മന്ത്രി) |

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ പണം അടച്ചവരും 60 വയസ്സ് കഴിഞ്ഞവരുമായവർക്ക് അടച്ച തുകയും പെൻഷനും നൽകുന്ന പദ്ധതി നിലവിലുണ്ടോ; | ഉണ്ട് |
| (ബി) | അപേക്ഷ, പാസ്സ് ബുക്ക്, ഐഡന്റിറ്റി കാർഡ് എന്നിവ ക്ഷേമനിധി ഓഫീസുകളിൽ വാങ്ങിവച്ചതിനുശേഷം വളരെക്കാലമായി തുക ലഭിക്കാതിരിക്കുന്ന അനേകം ആളുകൾ നിലവിലുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഉണ്ട് |

| | | |
|---|---|---|
| (സി) | ഇത്തരത്തിൽ അപേക്ഷ നൽകി കാത്തിരിക്കുന്ന ആളുകൾക്ക് തുകയും പെൻഷനും നൽകുന്നതിന് എന്താണ് തടസ്സമെന്ന് വിശദീകരിക്കാമോ; | കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമാകുന്ന തൊഴിലാളി പ്രതിവർഷം 60/-രൂപയാണ് ക്ഷേമനിധി വിഹിതമായി അടച്ചു വരുന്നത്. 60 വയസ്സ് പൂർത്തിയാക്കി ക്ഷേമനിധിയിൽ നിന്നും വിരമിക്കുന്ന തൊഴിലാളിയ്ക്ക് അവരുടെ അംഗത്വ കാലത്തിന് അനുസൃതമായിട്ടാണ് പ്രതിവർഷം 625/-രൂപ നിരക്കിൽ റിട്ടയർമെൻറ് ആനുകൂല്യം നൽകുന്നത്. ഒരു തൊഴിലാളിക്ക് ശരാശരി 11,000/-രൂപ ഈ ഇനത്തിൽ നൽകേണ്ടി വരും. ക്ഷേമനിധി വിഹിതവും ഭൂവുടമാ വിഹിതവുമായി ബോർഡിന് ആകെ 9 കോടി രൂപ വരുമാനം വരുമ്പോൾ റിട്ടയർമെൻറ് ആനുകൂല്യം, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, പ്രസവ ധനസഹായം എന്നീ ഇനങ്ങളിൽ 40 കോടിയോളം രൂപ ചിലവ് വരുന്നുണ്ട്. ബോർഡിന്റെ വരുമാനത്തിലും ചിലവിനത്തിലുമുള്ള ഭീമമായ അന്തരമാണ് ആനുകൂല്യം സമയബന്ധിതമായി നൽകുന്നതിന് ബോർഡിന് സാധിക്കാതെ വരുവാനുള്ള കാരണം. 2016 ഡിസംബർ വരെയുള്ള കർഷക തൊഴിലാളി പെൻഷൻ തുക അനുവദിച്ച് നൽകിയിട്ടുണ്ട്. തുടർന്നുള്ള മാസങ്ങളിലെ പെൻഷൻ തുക അയക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. |
| (ഡി) | അപേക്ഷ നൽകി കാത്തിരിക്കുന്നവർക്ക് അടിയന്തരമായി പണം വിതരണം ചെയ്യുന്നതിന് നിർദ്ദേശം നൽകുമോ? | തൊഴിലാളികൾക്കുള്ള ക്ഷേമനിധി ആനുകൂല്യം ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് അപേക്ഷകരുടെ സീനിയോരിറ്റി കൂടി കണക്കിലെടുത്ത് ബോർഡിൽനിന്നും നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ